പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.1215

05/03/2018 ൽ
മറുപടിക്ക്

## കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

ചോദ്യം
ശ്രീ.പി.ടി. തോമസ്
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ.വി.ഡി.സതീശൻ
ശ്രീ. സണ്ണി ജോസഫ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തോട്ടണ്ടി ഉല്പാദന രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് സംഭരിച്ച് ഫാക്ടറികൾക്ക് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഒരു പ്രവർത്തനവും വിലയിരുത്തുന്നതിനുള്ള കാലയളവ് ആയിട്ടില്ല. |
| (ബി) | കാഷ്യൂ ബോർഡ് രൂപീകരിച്ചതിന് ശേഷം സംസ്ഥാനത്തെ പ്രവർത്തനരഹിതമായിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കശുവണ്ടി വിതരണം ചെയ്യുന്നതിന് പ്രസ്തുത ബോർഡിന് കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ ഫലമായി എത്ര സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു വെന്ന് വ്യക്തമാക്കുമോ; | (ബി) | കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽ നിലവിലുള്ള നടപടിക്രമങ്ങൾക്കനുസൃതമായി അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്ത് ആയത് ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി വികസന കോർപ്പറേഷനും, കാപെക്സിനും സ്വകാര്യ ഫാക്ടറികൾക്കുമായി ലഭ്യമാക്കുക എന്നതാണ് കാഷ്യൂ ബോർഡിന്റെ ലക്ഷ്യം. എന്നാൽ വിദേശ രാജ്യങ്ങളിൽ നിലനിൽക്കുന്ന വ്യവസ്ഥയനുസരിച്ച് ഗവൺമെന്റ് ടു ഗവൺമെന്റ് വ്യവസ്ഥയിൽ കശുവണ്ടി സംഭരണം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇതിനെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങൾ വിദേശ രാജ്യങ്ങളുമായി ചർച്ച ചെയ്തു വരികയാണ്. |
| (സി) | കശുവണ്ടിക്ക് കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;ഇത് കാഷ്യൂ ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി | (സി) | തോട്ടണ്ടി ഇറക്കുമതിയിന്മേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരുന്ന 5% ഇറക്കുമതി ചുങ്കം കേരളത്തിലെ കശുവണ്ടി വ്യവസായത്തെ കടുത്ത പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര |

| | | | |
|---|---|---|---|
| | ബാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | | ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയും 2018-19 കേന്ദ്ര ബഡ്ജറ്റിൽ പ്രസ്തുത ഇറക്കുമതി ചുങ്കം 2.5% ആയി കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ട്. ടി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയാൽ മാത്രമേ തോട്ടണ്ടിയുടെ ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന ഈ പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകുകയുള്ളൂ എന്നാണ് സർക്കാർ കരുതുന്നത്. നിലവിലുള്ള ഇറക്കുമതി ചുങ്കം കാഷ്യൂ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ